# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/KLM/P2/553/2021/26-03-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 26/03/2021
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-11,1-12,1-13,1-14,1-15,1-16,1-17,1-18,1-19,1-20 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/KLM/P2/553/2021/26-03-2021 തീയ്യതി: 26/03/2021

## കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2019 മുതൽ 14-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.സൈമൺ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 15-03-2021 | 22-03-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 15-03-2021 | 22-03-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ബിജി വർഗീസ്(ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.)
ശ്രീമതി സോണിയ ജെ സെബാസ്റ്റ്യൻ(അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീമതി ജൂഡിറ്റ് ഓഫീസർ (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി ജമീലബീവി.എം(ഓഡിറ്റർ)
ശ്രീമതി സുനിത സെബാസ്റ്റ്യൻ (ഓഡിറ്റർ)

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി | തീയതി |
|---|---|---|---|

| | | (മുതൽ) | (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ.പി | പ്രസിഡന്റ് | 01-04-2019 | 16-09-2019 |
| ശ്രീമതി.സുശീല.കെ | പ്രസിഡന്റ് | 17-09-2019 | 14-10-2019 |
| ശ്രീ .യേശുദാസൻ.എ | പ്രസിഡന്റ് | 14-10-2019 | 31-03-2020 |
| ശ്രീ.ജി.ശ്രീകുമാർ | സെക്രട്ടറി | 01-04-2019 | 14-06-2019 |
| ശ്രീ.ഷാനവാസ്.എ | സെക്രട്ടറി | 15-06-2019 | 31-03-2020 |

<u>നിർവ്വഹണഉദ്യോഗസ്ഥർ</u>

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. സേവ്യർ.ജെ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീ.സുരേഷ്.എസ്. | കൃഷി ഓഫീസർ | 01-04-2019 | 28-11-2019 |
| ശ്രീമതി ഷിജിന.എൻ | കൃഷി ഓഫീസർ | 29-11-2019 | 31-03-2020 |
| ഡോ.ജയശ്രീ. എ.റ്റി | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-04-2019 | 31-05-2019 |
| ഡോ.ജാക്യുലിൻ.എം | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 01-06-2019 | 19-08-2019 |
| ഡോ.അനിത.ഒ | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 20-08-2019 | 23-11-2019 |
| ഡോ.ഹരികുമാർ നമ്പൂതിരി.കെ.യു. | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 24-11-2019 | 21-01-2020 |
| ഡോ.സഫീന ഇബ്രാഹിം | മെഡിക്കൽ ഓഫീസർ,ആയുർവ്വേദം | 22-01-2020 | 31-03-2020 |
| ഡോ.ഷംന. ബി.എൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2019 | 31-03-2020 |
| ഡോ.അനൂപ്.വി.എസ് | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | 01-04-2019 | 31-03-2020 |
| ഡോ.ഗാഥ.ജി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |
| ശ്രീമതി സുധർമണി.ആർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീമതി വൃന്ദകുമാരി.കെ.കെ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശാരിക.ഒ.എസ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ. ജോൺസൺ.ജി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി കലാരഞ്ജിനി | ഡയറിഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ശ്രീമതി സവിത.വി | അസി.എഞ്ചിനീയർ | 01-04-2019 | 16-07-2019 |
| ശ്രീമതി ഫാത്തിമ എസ് | അസി.എഞ്ചിനീയർ | 17-07-2019 | 31-03-2020 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sunitha Sebastian (Auditor, On 18-03-2021)<br>Last Updated By: Sunitha Sebastian (Auditor, On 18-03-2021) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Sonia.J.Sebastian (Asst. Audit Officer, On 22-03-2021)<br>Last Updated By: Sonia.J.Sebastian (Asst. Audit Officer, On 22-03-2021) | 1-2 |
| 3 | വാർഷികധനകാര്യ പത്രിക<br>Written By: Sonia.J.Sebastian (Asst. Audit Officer, On 22-03-2021)<br>Last Updated By: Simon K (Deputy Director, On 25-03-2021) | 1-2.1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Sonia.J.Sebastian (Asst. Audit Officer, On 19-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Biji Varghese (Audit Officer (HG), On 19-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-4 |
| 6 | ലഭ്യമായ ഗ്രാന്റുകളിൽ 10220221രൂപ ലാപ്സായി<br>Written By: Biji Varghese (Audit Officer (HG), On 20-03-2021)<br>Last Updated By: Biji Varghese (Audit Officer (HG), On 23-03-2021) | 1-4.1 |
| 7 | കേന്ദ്ര സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം - ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ<br>Written By: Biji Varghese (Audit Officer (HG), On 20-03-2021)<br>Last Updated By: Biji Varghese (Audit Officer (HG), On 20-03-2021) | 1-4.2 |
| 8 | ജൈവവൈവിധ്യ ഫണ്ട് ചെലവഴിച്ചിട്ടില്ല.<br>Written By: Biji Varghese (Audit Officer (HG), On 22-03-2021)<br>Last Updated By: Biji Varghese (Audit Officer (HG), On 23-03-2021) | 1-4.3 |
| 9 | പദ്ധതി അവലോകനം<br>Written By: Jameela Beevi M (Auditor, On 22-03-2021)<br>Last Updated By: Jameela Beevi M (Auditor, On 22-03-2021) | 1-5 |
| 10 | തൊഴിലുറപ്പ് പദ്ധതി<br>Written By: Sonia.J.Sebastian (Asst. Audit Officer, On 22-03-2021)<br>Last Updated By: Sonia.J.Sebastian (Asst. Audit Officer, On 22-03-2021) | 1-6 |
| 11 | ക്ഷേമ പദ്ധതികൾ<br>Written By: Jameela Beevi M (Auditor, On 22-03-2021)<br>Last Updated By: Jameela Beevi M (Auditor, On 22-03-2021) | 1-7 |
| 12 | ക്യാഷ് പരിശോധന<br>Written By: Sunitha Sebastian (Auditor, On 16-03-2021)<br>Last Updated By: Sunitha Sebastian (Auditor, On 16-03-2021) | 1-8 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Sunitha Sebastian (Auditor, On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sunitha Sebastian (Auditor, On 22-03-2021)<br>Last Updated By: Sunitha Sebastian (Auditor, On 22-03-2021) | 1-10 |
| 15 | ജനറേറ്റർ സ്ഥാപിക്കൽ-ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഫൈനൽ ബില്ലും ലഭ്യമായില്ല .<br>Written By: Jameela Beevi M (Auditor, On 19-03-2021)<br>Last Updated By: Simon K (Deputy Director, On 25-03-2021) | 1-11 |
| 16 | ജീവനം സൗജന്യ ഡയാലിസിസ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല .<br>Written By: Jameela Beevi M (Auditor, On 19-03-2021)<br>Last Updated By: Jameela Beevi M (Auditor, On 22-03-2021) | 1-12 |
| 17 | കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു .<br>Written By: Jameela Beevi M (Auditor, On 19-03-2021)<br>Last Updated By: Jameela Beevi M (Auditor, On 22-03-2021) | 1-13 |

| | | |
|---|---|---|
| 18 | തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.<br>Written By: Jameela Beevi M (Auditor, On 19-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-14 |
| 19 | ഇൻഫർമേഷൻ കേരള മിഷന് വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.<br>Written By: Jameela Beevi M (Auditor, On 19-03-2021)<br>Last Updated By: Jameela Beevi M (Auditor, On 20-03-2021) | 1-15 |
| 20 | ഇൻവെർട്ടർ സ്ഥാപിക്കൽ-ഫൈനൽ ബില്ല് ലഭ്യമാക്കിയിട്ടില്ല.<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-16 |
| 21 | വെള്ളക്കരക്കുടിശ്ശിക-തുടർ നടപടികൾ അനിവാര്യം<br>Written By: Jameela Beevi M (Auditor, On 22-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-17 |
| 22 | വാടക<br>Written By: Sunitha Sebastian (Auditor, On 22-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-18 |
| 23 | വാടക തുടർനടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Sunitha Sebastian (Auditor, On 22-03-2021)<br>Last Updated By: Jameela Beevi M (Auditor, On 25-03-2021) | 1-18.1 |
| 24 | ലൈഫ് ഭവനനിർമ്മാണ പദ്ധതി- നിർമ്മാണംപൂർത്തീകരിക്കുന്നതിലെ കാലതാമസം നേരിടുന്നു<br>Written By: Judith Varghese (Senior Grade Auditor, On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-19 |
| 25 | അനധികൃത നിർമാണം<br>Written By: Sunitha Sebastian (Auditor, On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-20 |
| 26 | പൊന്നഴികത്ത് മുക്ക്-ഗുഹാനന്ദപുരം റോഡ് കോൺക്രീറ്റിംഗ് പിഴ ഈടാക്കിയതിൽ കുറവ്.<br>Written By: Biji Varghese (Audit Officer (HG), On 22-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 1-21 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Simon K (Deputy Director, On 26-03-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Jameela Beevi M (Auditor, On 20-03-2021) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jameela Beevi M (Auditor, On 20-03-2021) | 4-7 |

| | | |
|---|---|---|
| | Last Updated By: Naseer S (Computer Assistant, On 26-03-2021) | |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Jameela Beevi M (Auditor, On 20-03-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Jameela Beevi M (Auditor, On 20-03-2021)<br>Last Updated By: Naseer S (Computer Assistant, On 26-03-2021) | 4-11 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

### 1-1 ബജറ്റ്

29/2/2019 തീയതിയിലെ 1(1)തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 29/02/2020 തീയതിയിലെ 6(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 27.07.2020 | - | - |

### 1-2.1 വാർഷികധനകാര്യ പത്രിക

1)കെട്ടിടനികുതിയിനത്തിൽ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്,കളക്ഷൻ തുകകൾ വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

2)അഡ്വാൻസ് കളക്ഷൻ ഇനത്തിൽ (പ്രോപ്പർട്ടി ടാക്സ്ഓൺ റെസിഡൻഷ്യൽ ബിൽഡിംഗ്-RP36) 11,129/-രൂപ വരവുണ്ടെങ്കിലും ബാലൻസ് ഷീറ്റ് B9ഷെഡ്യൂളിൽ 1,545/-രൂപ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

3)വാടക രജിസ്റ്റർ പ്രകാരം 2019-20ലെ ഡിമാന്റ് 1.96,982/-രൂപയും കളക്ഷൻ 184354/-രൂപയും ബാലൻസ്12,628/- രൂപയുമാണ്.എന്നാൽ വാർഷിക ധനകാര്യ പത്രികയിൽ ഡിമാന്റ് ,കളക്ഷൻ തുകകൾ 1,84,354/-രൂപയാണ്.TPVi/765 നം കടമുറിയുടെ01/2020 മുതൽ 3/2020വരെയുള്ള വാടകത്തുക ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

4)ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിരിക്കുന്ന തുക , എ.ഇ.ലഭ്യമാക്കിയ പാർട്ട് ബില്ലുകളുടെ തുകയുമായി പൊരുത്തപ്പെടുന്നില്ല.

5)ആസ്തി,സ്റ്റോക്ക് വിവരങ്ങൾ കാലികമാക്കി സാക്ഷ്യപ്പെടുത്തിയ രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

6)ഹഡ്കോ-ലോൺ വരവ്,ചെലവ്,തിരിച്ചടവ് വിശദാംശങ്ങൾ ഉൾപ്പെടുത്തിയ ലോൺ രജിസ്റ്ററും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല

7)എം.ജി.എൻ.ആർ.ഇ.ജി.എസ് MIS സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള -ചെലവു തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

8)എം.ജി.എൻ.ആർ.ഇ.ജി.എസ് MIS സ്റ്റേറ്റ്മെന്റ് പ്രകാരം 3,21,000/- രൂപ ഇൻസന്റീവ് ഇനത്തിൽ വരവ് വന്ന തുക RP-7 ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 49,56,551/- |
| വരവ് | 4,78,30,517/- |
| ആകെ | 5,27,87,068/- |
| ചെലവ് | 4,76,26,351/- |
| നീക്കിയിരിപ്പ് | 51,60,717/- |
| | |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 4,27,810/- |

## 1-4 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക | കറിപ്പ് ക്യൂ ബിൽ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 13120000 | 13120000 | 12969933 | 150067 | 144640* |
| വികസനഫണ്ട് (എസ്.സി.പി) | 0 | 3704000 | 3704000 | 2655410 | 1048590 | 499888* |
| വികസനഫണ്ട് (റ്റി. എസ്.പി) | 0 | 63000 | 63000 | 0 | 63000 | 0 |
| ധനകാര്യകമ്മിഷൻഗ്രാന്റ് (Untied) | 0 | 8374064 | 8374064 | 4047621 | 4326443 | 2250684* |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 4985000 | 4985000 | 1875899 | 3109101 | 955455* |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 3937000 | 3937000 | 2413980 | 1523020 | 1346490* |
| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | | |
| ബയോഡൈവേഴ്സിറ്റി | 0 | 305775 | 305775 | 0 | 305775 | |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 6200000 | 6200000 | 5160000 | 1040000 | |
| വിമുക്തി | 25000 | 0 | 25000 | 25000 | 0 | |
| നബാർഡ് ഷെയർ- ചവറ പഞ്ചായത്തിന് നല്കാനുള്ളത് | 1330000 | 0 | 1330000 | 0 | 1330000 | |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | | |
| ICDS | 1952535 | 643343 | 2595878 | 363637 | 2232241 | |
| MNREGS | 22718 | 25288505 | 25311223 | 25256989 | 54234 | |
| ശുചിത്വമിഷൻ | 904858 | 10500 | 915358 | 0 | 915358 | |
| സമ്പൂർണ്ണശുചിത്വം | 122802 | 0 | 122802 | 39041 | 83761 | |
| ഖരമാലിന്യ സംസ്കരണം | 437396 | 0 | 437396 | 191715 | 245681 | |
| എസ്.എസ് .എ | **72679 | 2922 | 75601 | 0 | 75601 | |

**എസ്.എസ്.എ മുന്നിരിപ്പിൽ കഴിഞ്ഞ വർഷ കണക്കിലെ നീക്കിയിരിപ്പ് 28.02.19 വരെ മാത്രമുള്ളതാണ്. 31.03.19 ലെ പലിശയുൾപ്പടെയുള്ള നീക്കിയിരിപ്പാണ് ചേർത്തിരിക്കുന്നത്.

*നീക്കിയിരിപ്പ്/ലാപ്പ്സായ തുകയിൽ 2019-2020 വർഷത്തെ ക്യൂബിൽ തുക കടി ഉൾപ്പെട്ടതാണ്.

## 1-4.1 ലഭ്യമായ ഗ്രാന്റുകളിൽ 10220221രൂപ ലാപ്സായി

2019-20 വർഷം ലഭ്യമായ വിവിധയിനം ഗ്രാന്റുകളിൽ10220221 രൂപ ലാപ്സായി.

| ഗ്രാന്റ് | നീക്കിയിരിപ്പ്/ ലാപ്പ്സായതുക |
|---|---|
| വികസനഫണ്ട്(ജനറൽ) | 150067 |
| വികസനഫണ്ട്(എസ്.സി.പി) | 1048590 |
| വികസനഫണ്ട്( ടി.എസ്.പി) | 63000 |
| ധനകാര്യകമ്മിഷൻഗ്രാന്റ്(Untied) | 4326443 |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 3109101 |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 1523020 |
| ആകെ | 10220221 |

## 1-4.2 കേന്ദ്ര സംസ്ഥാനാവിഷ്കൃത ഫണ്ടുകളുടെ വിനിയോഗം - ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ അപാകതകൾ

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം കണക്കുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല. പൊരുത്തപ്പെടാത്ത ഇനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

സെൻട്രൽസ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ശുചിത്വമിഷൻ | 904858 | 10500 | 915358 | 0 | 915358 |
| ICDS | 1952535 | 643343 | 2595878 | 363637 | 2232241 |
| MNREGS | 22718 | 25288505 | 25311223 | 25256989 | 54234 |
| സമ്പൂർണ്ണശുചിത്വം | 122802 | 0 | 122802 | 39041 | 83761 |
| എസ്.എസ് .എ | 72679 | 2922 | 75601 | 0 | 75601 |
| ഖരമാലിന്യ സംസ്കരണം | 437396 | 0 | 437396 | 191715 | 245681 |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണശുചിത്വം | 0 | 1772636 | 1772636 | 334335 | 1438301 |
| ICDS | 0 | 9800000 | 9800000 | 1687637 | 8112363 |

.

സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം

എ) എ.എഫ്. എസ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണ ശുചിത്വം- ബയോ ഡൈവേഴ്സിറ്റി | 0 | 305775 | 305775 | 0 | 305775 |
| ലൈഫ് മിഷൻ-സ്റ്റേറ്റ് ഷെയർ | 0 | 6200000 | 6200000 | 5160000 | 1040000 |
| വിമുക്തി | 25000 | 0 | 25000 | 25000 | 0 |
| നബാർഡ് ഷെയർ- ചവറ | 1330000 | 0 | 1330000 | 0 | 1330000 |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്തിന് നല്കാനുള്ളത് | | | | | |

ബി)ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| സമ്പൂർണ്ണശുചിത്വം | 0 | 1412800 | 1412800 | 363200 | 1049600 |

1-4.3 ജൈവവൈവിധ്യ ഫണ്ട് ചെലവഴിച്ചിട്ടില്ല.

പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് കേരളത്തിലെ 14 ജില്ലകളിൽ നിന്നുള്ള ഗ്രാമപഞ്ചായത്തുകൾ സമർപ്പിച്ച പ്രൊപ്പോസലുകൾ പരിഗണിക്കുകയും 28പ്രൊപ്പോസലുകൾ പരിസ്ഥിതി സംരക്ഷണത്തിന് അനുയോജ്യമാണെന്ന കണ്ടെത്തി തിരഞ്ഞെടുക്കുകയും ചെയ്തു.കൊല്ലം ജില്ലയിൽ നിന്നും തെക്കുംഭാഗം,മൺട്രോതുരുത്ത് എന്നീ ഗ്രാമപഞ്ചായത്തുകൾ ആണ് തെരഞ്ഞെടുക്കപ്പെട്ടത്.

ഗ്രാമപഞ്ചായത്തിന്റെ അതിർത്തികളായ തീരപ്രദേശങ്ങളിൽ കണ്ടൽ ചെടികൾ വച്ചു പിടിപ്പിച്ച് സംരക്ഷിക്കുന്നതിന് തയ്യാറാക്കി നൽകിയ 5,00,000/-രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ ആണ് അംഗീകരിക്കപ്പെട്ടത്. 2018 ഡിസംബറിൽ ആരംഭിച്ച് 2019മാർച്ച് മാസം അവസാനിക്കത്തക്ക വിധത്തിലാണ് പദ്ധതിയുടെ സമയക്രമം നിശ്ചയിച്ചിരുന്നത്.അടങ്കൽ തുകയുടെ 60% ആയ 3,00,000/-രൂപ BMC ചെയർമാൻ ,സെക്രട്ടറി എന്നിവരുടെ പേരിൽ എസ്.ബി.ഐയുടെതെക്കുംഭാഗം ശാഖയിലുള്ള സംയുക്ത അക്കൗണ്ടിലേയ്ക്ക് (അക്കൗണ്ട് നം-38635448701)ജൈവവൈവിധ്യബോർഡ് 14.08.2019ൽ കൈമാറി.

തുക കൈപ്പറ്റി ഒരു വർഷത്തിനകം പൂർണ്ണമായും ചെലവഴിച്ച് വിനിയോഗവിവരങ്ങൾ നൽകുന്ന മുറയ്ക്ക് ശേഷിക്കുന്ന തുക കൈമാറുമെന്നാണ് വ്യവസ്ഥ.

20.01.2020ൽ കൂടിയ പഞ്ചായത്ത് തല ജൈവവൈവിധ്യ കമ്മറ്റി 8,9,1011,12,13 വാർഡുകളിൽ കണ്ടൽ ചെടികൾ വച്ചു പിടിപ്പിക്കാൻ അനുയോജ്യമായ സ്ഥലം കണ്ടെത്തി എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ ഓവർസീയർമാരെയും പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകാൻ അസി.എഞ്ചിനീയറേയും ചുമതലപ്പെടുത്തി തീരുമാനിച്ചു.ആയതു പ്രകാരം തയ്യാറാക്കിയ എസ്റ്റിമേറ്റ് 13.07.2020ൽ ചേർന്ന യോഗം വിശദമായി പരിശോധിക്കുകയും ഭരണസമിതിയുടെ അംഗീകാരത്തിന് ശുപാർശ ചെയ്യുകയും ചെയ്തു.സർക്കാർ ഏജൻസിയായ അഡാക്കിൽ നിലവിൽ കണ്ടൽ തൈകൾ ലഭ്യമല്ലാത്തതിനാൽ സ്വകാര്യ നഴ്സറികളിൽ നിന്നും വാങ്ങാനുള്ള അനുമതിയ്ക്കും ഭരണസമിതിയോട് അഭ്യർത്ഥിച്ച് തീരുമാനിച്ചു.എന്നാൽ ഈ വിഷയത്തിൽ യാതൊരു തുടർ നപടികളും സ്വീകരിച്ചിട്ടില്ല.പ്രത്യേക ഉദ്ദേശ്യത്തിനായി ലഭിച്ച തുകയിൽ നിന്നും നാളിതുവരെ ചെലവുകളും നടന്നിട്ടില്ല.

അഷ്ടമുടിക്കായലിലെ വർദ്ധിച്ചു വരുന്ന മലിനീകരണം തടയാനും തനത് ആവാസവ്യവസ്ഥകളെ സംരക്ഷിക്കുവാൻ കണ്ടൽക്കാടുകൾ നിലനിർത്തി അവയുടെ വ്യാപനവും പരിപാലനവും ഉറപ്പാക്കാനും ലക്ഷ്യമിട്ടു തയ്യാറാക്കി നൽകിയ പ്രോജക്ടിൽ പരാമർശിക്കുന്ന ഒരു പ്രവൃത്തിപോലും ആരംഭിക്കാത്തത് ലഭ്യമായ ഫണ്ട് പാഴായിപ്പോകാൻ ഇടയാക്കും . പരിസ്ഥിതി സംരക്ഷണത്തിന് മുതൽക്കൂട്ടും മാതൃകയുമാകേണ്ട പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാനും ലഭ്യമായ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കുവാനും ഭരണാധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

എൻക്വയറി നം-07;20.03.2021

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 149 | 79358053 | 116 | 35649883 | 14 | 19 | 78 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 22718 | 1482866 | 1505584 | 1451350 | 54234 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 23805639 | 23805639 | 23805639 | |
| | 22718 | 25288505 | 25311223 | 25256989 | 54234 |

1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105120 | 114 |
| കർഷകതൊഴിലാളി പെൻഷൻ | 409200 | 118 |
| വിധവാപെൻഷൻ | 2552400 | 745 |
| വാർദ്ധക്യകാലപെൻഷൻ | 2829300 | 816 |
| വികലാംഗപെൻഷൻ | 1043000 | 293 |
| അവിവാഹിതരായ വനിതകളുടെ പെൻഷൻ | 49200 | 14 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 60000 | 2 |

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 15/03/2021 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 38,032/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലിവിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ധനഇടപാടുകളുടെ വിവിധ രേഖകൾ ജോലിവിഭജന പ്രകാരം വിവിധ ജീവനക്കാർ പരിപാലിച്ചുവരുന്നുണ്ട്.

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ

കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. വാർഡ്തലത്തിൽ ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നു. ആയതിൻപ്രകാരം തൊഴിൽ നികുതി, ലൈസൻസ് ഇവ ഈടാക്കാനും ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരുമാന വർദ്ധനവിന് ഉതകുന്ന നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.

2019-20ൽ കരാറിൽ ഏർപ്പെട്ട ലൈഫ് ഭവനപദ്ധതി ഗുണഭോക്താക്കളിൽ ചിലർ നാളിതുവരെ വീട്പണിപൂർത്തീകരിച്ചില്ല. ആശ്രയപദ്ധതി പ്രകാരം കുടുംബശ്രീക്ക് നൽകുന്ന ഫണ്ട് നാളിതുവരെയും ചെലവഴിച്ചില്ല. Bank Reconciliation Statement 31/01/21 വരെ മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. 2017-18 വരെയുള്ള പ്രവൃത്തികൾ മാത്രമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

<u>1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

4/20 മുതൽ 12/20 വരെയുള്ള പെർഫോമൻസ് ഓഡിറ്റ് 9/3/2021 ന് നടന്നെങ്കിലും റിപ്പോർട്ട് ലഭിച്ചിട്ടില്ല. അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ഈ സാമ്പത്തിക വർഷം നടന്നിട്ടില്ല

<u>1-11 ജനറേറ്റർ സ്ഥാപിക്കൽ-ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഫൈനൽ ബില്ലും ലഭ്യമായില്ല .</u>

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , സി.എച്ച്.സി.

| | |
|---|---|
| പ്രോജക്റ്റ് നം | 159/20, സി.എച്ച്.സി.യ്ക്ക് ജനറേറ്റർ സ്ഥാപിക്കൽ |
| അടങ്കൽ | ആരോഗ്യകേരളം പുരസ്കാരം-2,00,000/-രൂപ, മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-63,062/- |
| ചെലവഴിച്ച തുക | ആരോഗ്യകേരളം പുരസ്കാരം-2,00,000/-രൂപ, (ചെക്ക് നം-931702/30.01.2020) മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-62,810/- (ബിൽ നം.-34 /24.04.2020) |

സി.എച്ച്.സി.യ്ക്ക് ജനറേറ്റർ സ്ഥാപിക്കൽ എന്ന പ്രോജക്റ്റ് പ്രകാരം SITC Of 5KVA,1 PHASE AIR COOLED PORTABLE DG SET എന്ന സ്പെസിഫിക്കേഷനിലുള്ള ജനറേറ്റർ സ്ഥാപിക്കുന്നതിനായി കൊല്ലം പൊതുമരാമത്ത് ബിൽഡിംഗ് സെക്ഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 2,63,062/-രൂപ PWD – ൽ ചെലാൻ മുഖേനയും ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേനയും ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഫൈനൽ ബില്ലും നാളിതുവരെ ലഭ്യമായിട്ടില്ല . ആയതിനാൽ ചെലവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല . 931702/30.01.2020-ാം നമ്പർ ചെക്ക് പ്രകാരം 2,00,000/- രൂപയും 34 /24.04.2020-ാം നമ്പർ ബിൽ പ്രകാരം 62,810/- രൂപയും ഉൾപ്പെടെ ആകെ 2,62,810/- രൂപയാണ് മാറിയിരിക്കുന്നത്.എന്നാൽ 2,63,062/-രൂപ PWD ൽ ഒടുക്കിയതായി കാണുന്നു. തുകയിലെ

വ്യത്യാസം ബോധ്യപ്പെട്ടിട്ടില്ല. എസ്റ്റിമേറ്റ് പ്രകാരം സെന്റേജ് ചാർജ് 14 ശതമാനം ഉൾപ്പെടുത്തിക്കാണുന്നു . എന്നാൽ അനുവദനീയമായ സെന്റേജ് ചാർജ് 12.5 ശതമാനമാണ്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ രേഖകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി . ചെക്ക് പ്രകാരം മാറിയ തുകയും ഡെപ്പോസിറ്റ് തുകയും തമ്മിലെ വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയില്ല . തുകയിലെ വ്യത്യാസം ആദ്യമറുപടിയോടൊപ്പം വിശദമാക്കേണ്ടതാണ്. ഇൻസ്റ്റലേഷൻ സർട്ടിഫിക്കറ്റും ഫൈനൽ ബില്ലും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും സെന്റേജ് ചാർജിനത്തിൽ അധിക തുക നൽകിയത് തിരികെ ഈടാക്കേണ്ടതുമാണ് .രേഖകളുടെ അഭാവത്തിൽ ചെലവ് തുക 2,62,810/- രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 01/18.03.2021

തടസ്സം-2,62,810/-രൂപ

<u>1-12 ജീവനം സൗജന്യ ഡയാലിസിസ് പദ്ധതി-വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല .</u>

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , സി.എച്ച്.സി.

| | |
|---|---|
| പ്രോജക്റ്റ് നം | 45/19, ജീവനം സൗജന്യ ഡയാലിസിസ് ഗ്രാമപഞ്ചായത്ത് വിഹിതം നൽകൽ |
| അടങ്കൽ | വികസന ഫണ്ട് (ജനറൽ)-50,000/-രൂപ |
| ചെലവഴിച്ച തുക | വികസന ഫണ്ട് (ജനറൽ)-50,000/-രൂപ |
| ബിൽ നം. ,തീയതി | 14/19-20/27.09.19 |

ജീവനം സൗജന്യ ഡയാലിസിസ് പദ്ധതിക്കുവേണ്ടി തുക പിൻവലിച്ച് ജില്ലാപഞ്ചായത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി . രേഖകളുടെ അഭാവത്തിൽ 50,000/-രൂപ തടസ്സപ്പെടുത്തുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 01/18.03.2021

തടസ്സപ്പെടുത്തിയ തുക-50,000/-രൂപ

<u>1-13 കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭ്യമാകാൻ അവശേഷിക്കുന്നു .</u>

നിർവ്വഹണോദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ , സി.എച്ച്.സി.

പാലിയേറ്റീവ് കെയർ- മരുന്നു വാങ്ങൽ പ്രോജക്ടിൽ മരുന്നിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനിൽ അടവാക്കിയ 1,31,000/- രൂപയിൽ 72,717/-രൂപയുടെ മരുന്നുകൾ ലഭ്യമാകാൻ അവശേഷിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | K.M.S.C.L-ന് നൽകിയ തുക(രൂപ) | ബില്ല് നം/ തീയതി | കെ.എം.എസ് സി.എൽ. | ലഭിച്ച മരുന്നുകളുടെ | ലഭിയ്ക്കുവാൻ അവശേഷിക്കുന്ന |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | പ്രൊഫോർമ ഇൻവോയ്സ് നം./ തീയതി തുക | വില(രൂപ) | മരുന്നുകളുടെ വില(രൂപ) |
| 39/ 2019-2020 | 1,31,000/- (വികസനഫണ്ട്-31,332/-, ബ്ലോക്ക് വിഹിതം-99,668/-) | ബിൽ.നം 34/17.03.2020 | PRF 4104 24.01.2020 1,31,000/- | 58,283/- | 72,717/- |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മരുന്ന ലഭ്യമാകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കി . 72,717/- രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 01/18.03.21

<u>1-14 തെരുവുവിളക്കുകളുടെ പരിപാലനം -മാർഗ നിർദ്ദേശങ്ങൾ പാലിച്ചില്ല.</u>

| നിർവഹണോദ്യോഗസ്ഥൻ | സെക്രട്ടറി | |
|---|---|---|
| പദ്ധതി,നം | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി (നം.3) | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി (നം.119) |
| അടങ്കൽ തുക | 1,00,000/- ( ധനകാര്യ കമ്മീഷൻ അവാർഡ്) | 2,12,274/- ( ധനകാര്യ കമ്മീഷൻ അവാർഡ്) |
| ചെലവ് തുക, | 90,270/- | 1,49,800/- |
| ബിൽ നം. | 32/16.12.19 | 4/12.06.19-28000/- 14/26.08.19-29400/- 25/11.12.19-30800/- 36/12.02.20-32200/- 60/30.03.20-29400/- |

തെരുവുവിളക്കുകളുടെ പരിപാലനത്തിന് അടാട്ട് ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയ മാതൃക അവലംബിക്കുന്ന ഇതര ഗ്രാമപഞ്ചായത്തുകൾക്കായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച

മാർഗനിർദ്ദേശങ്ങൾ പാലിച്ച് പദ്ധതി നടപ്പിലാക്കുന്നതിലും തെരുവു വിളക്കുകളുടെ പരിപാലനം സംബന്ധമായി നിർദ്ദിഷ്ട മാതൃകയിലുള്ള രേഖകൾ സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തി.

അടാട്ട് മാതൃകയിൽ തെരുവു വിളക്കുകൾ പരിപാലിക്കുന്നതിലേയ്ക്ക് തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 700/- രൂപ ഇലക്ട്രീഷ്യനുള്ള (2 പേർക്ക്) പ്രതിദിനവേതനമായി നൽകി വരുന്നു. എന്നാൽ അടാട്ട് മാതൃകയിൽ തെരുവ് വിളക്കുകളുടെ പരിപാലനം നടത്തുന്നത് സംബന്ധമായി പഞ്ചായത്ത് ഡയറക്ടർ പുറപ്പെടുവിച്ച 17.8.15 ലെ ജി2-44274/15നമ്പർ ഉത്തരവ് പ്രകാരമുള്ള മാർഗ നിർദ്ദേശങ്ങൾ പാലിച്ചിട്ടുള്ളതായോ രേഖകൾ സൂക്ഷിച്ചിട്ടുള്ളതായോ കാണുന്നില്ല.

വാർഡ്തല മോണിറ്ററിംഗ് സമിതികൾ രൂപീകരിക്കണമെന്നും കേടായ സാധനങ്ങൾ അതത് ദിവസം പഞ്ചായത്തിൽ തിരികെ കൊണ്ടുവന്ന് 'രജിസ്റ്റർ ഓഫ് അൺ സർവീസബിൾ ഐറ്റംസ് ' എന്ന രജിസ്റ്ററിൽ ചേർക്കണമെന്നും സാമ്പത്തിക വർഷാവസാനം ഇപ്രകാരമുള്ള 'സ്റ്റോക്ക് ഇൻ രജിസ്റ്റർ ' ഉം ' സ്റ്റോക്ക് ഔട്ട് രജിസ്റ്റർ ' ഉം റീക്കൺസൈൽ ചെയ്യുന്നുവെന്ന് സെക്രട്ടറി ഉറപ്പ് വരുത്തണമെന്നുമുള്ള പ്രസ്തുത മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചതായി കാണുന്നില്ല. മാർഗ്ഗ രേഖയിൽ നിർദ്ദേശിക്കും പ്രകാരം മെയിന്റനൻസ് രജിസ്റ്റർ പരിപാലിക്കുകയോ ആയതിന്റെ കൃത്യത സെക്രട്ടറി ഉറപ്പു വരുത്തുകയോ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്തിലെ മുഴുവൻ തെരുവ് വിളക്കുകളുടെയും വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി ഒരു രജിസ്റ്റർ തയ്യാറാക്കണമെന്നും ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെരുവുവിളക്കുകൾ റിസർവായി കരുതാവുന്നതാണെന്നും പ്രസ്തുത മാർഗരേഖയിൽ വ്യക്തമാക്കുന്നു. എന്നാൽ അത്തരം വിവരങ്ങളടങ്ങിയ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. തെരുവ് വിളക്കുകളുടെ എണ്ണം, തരം എന്നിവ വ്യക്തമാക്കി കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഏതേതിനം തെരുവ് വിളക്കുകൾ എത്രയെണ്ണം വീതം കണക്കാക്കിയാണ് പരിഷ്കരിച്ച താരിഫ് പ്രകാരം തുക ഈടാക്കുന്നതെന്ന് വ്യക്തമല്ല. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരെക്കൂടി പങ്കെടുപ്പിച്ച് മാസത്തിലൊരിക്കൽ മോണിറ്ററിംഗ് നടത്തിയതായി കാണുന്നില്ല.

കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ സെക്ഷനുകളിൽ നിന്നും അസി.എഞ്ചിനിയർ നൽകിയ താരിഫ് ചാർട്ടുകൾ സഹിതം മേൽ സൂചന അപാകതകളിൻമേൽ വിശദീകരണം നൽകേണ്ടതാണെന്ന് വ്യക്തമാക്കി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

തെരുവുവിളക്കുകൾ പ്രകാശിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്ന ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലാനിർവഹണത്തിന്റെ ഭാഗമായ തെരുവുവിളക്കുകൾക്ക് ഉപകരണങ്ങൾ വാങ്ങൽ, പരിപാലനം, പരിഷ്കരിച്ച താരിഫ് പ്രകാരമുള്ള തുക ഒടുക്കൽ എന്നീ ഘടകങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ച് തുക ചെലവഴിക്കുവാനും ചെലവുകളെ സാധൂകരിക്കുന്ന രേഖകളും രജിസ്റ്ററുകളും പരിപാലിക്കുവാനുമുള്ള നടപടികൾ സ്വീകരിക്കുവാൻ പൊതുഭരണ ചുമതലയുള്ള ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയും വൈദ്യുതി എന്ന വിഷയമേഖല കൈകാര്യം ചെയ്യുന്ന വികസന സ്റ്റാൻഡിംഗ് കമ്മിറ്റിയും ഭരണ നിർവഹണാധികാരികളും ശ്രദ്ധിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം-08/20.03.21

<u>1-15 ഇൻഫർമേഷൻ കേരള മിഷന് വിഹിതം -വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.</u>

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ഇൻഫർമേഷൻ കേരള മിഷന് ഗ്രാമപഞ്ചായത്ത് വിഹിതം നൽകിയ 70,000/- രൂപയുടെ വിനിയോഗസാക്ഷ്യപത്രം

ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

| പദ്ധതി , നം | അടങ്കൽ തുക (രൂപ) | ചെലവ് തുക (രൂപ) | ബിൽ നം/ തീയതി | റിമാർക്സ് |
|---|---|---|---|---|
| IKM ന് വിഹിതം നൽകൽ (2/19-20) | 70,000/- (വികസന ഫണ്ട്) | 70,000/- | 20/08.09.19 | ഇൻഫർമേഷൻ കേരള മിഷന് നൽകി. |

വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. വിനിയോഗരേഖകൾ ലഭ്യമല്ലാത്തതിനാൽ ചെലവഴിച്ച 70,000/- രൂപ തടസ്സപ്പെടുത്തുന്നു. വിനിയോഗരേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ് .

ഓഡിറ്റ് എൻക്വയറി നം-08/20.03.21

<u>1-16 ഇൻവെർട്ടർ സ്ഥാപിക്കൽ-ഫൈനൽ ബില്ല് ലഭ്യമാക്കിയിട്ടില്ല.</u>

നിർവ്വഹണോദ്യോഗസ്ഥൻ- മെഡിക്കൽ ഓഫീസർ, ഹോമിയോ

| | |
|---|---|
| പ്രോജക്റ്റ് നം | 169/20, ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഇൻവെർട്ടർ സ്ഥാപിക്കൽ |
| അടങ്കൽ | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-45,000/- |
| ചെലവഴിച്ച തുക | മെയിന്റനൻസ് ഗ്രാന്റ് റോഡിതരം-45,000/-<br>(ചെക്ക് നം-931702/30.01.2020)<br>(ബിൽ നം.- /24.04.2020) |

ഹോമിയോ ഡിസ്പെൻസറിയിലേക്ക് ഇൻവെർട്ടർ സ്ഥാപിക്കൽ എന്ന പ്രോജക്ട് പ്രകാരം 2KVA ഇൻവെർട്ടറും രണ്ട് 12V/80Ah ബാറ്ററികളും സ്ഥാപിക്കുന്നതിനായി തിരുവനന്തപുരം പൊതുമരാമത്ത് ഇലക്ട്രിക് സെക്ഷൻ അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 45,000/- രൂപ PWD ൽ 18-03-20 ലെ ചെലാൻ മുഖേന ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട് . എന്നാൽ ഫൈനൽ ബില്ലും യുട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നാളിതുവരെ ലഭ്യമായിട്ടില്ല . ആയതിനാൽ ചെലവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല . ഇൻവെർട്ടറിന്റെ ക്ഷമത ടെസ്റ്റ് ചെയ്തതിന്റെ രേഖകളും ലഭ്യമാക്കിയിട്ടില്ല .

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മേൽ രേഖകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക ഹാജരാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി . ക്ഷമത ടെസ്റ്റ് ചെയ്തത രേഖകളും ഫൈനൽ ബില്ലും ലഭ്യമാക്കാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതും അധിക തുക ഈടാക്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ് . രേഖകളുടെ അഭാവത്തിൽ ചെലവ് തുക 45,000/- രൂപ തടസ്സപ്പെടുത്തുന്നു.രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 02/18.03.21

തടസ്സം-45,000/- രൂപ

1-17 വെള്ളക്കരക്കുടിശ്ശിക-തുടർ നടപടികൾ അനിവാര്യം

വെള്ളക്കരക്കുടിശ്ശിക ഇനത്തിൽ 2019-20 അവസാനിക്കുമ്പോൾ 5,71,95,923/- രൂപ അടവാക്കാനുള്ളതായി വാർഷിക കണക്കുകളിൽ നിന്നും വ്യക്തമാണ്.ഗ്രാമപഞ്ചായത്ത് പരിധിയിലെ 457പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിന് 3,12,000/-രൂപയുടെ എസ്റ്റിമേറ്റ് കേരള വാട്ടർ അതോറിറ്റി ലഭ്യമാക്കിയപ്പോൾ (13.12.2019) ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലും 5 ടാപ്പുകൾ വീതം നിലനിർത്തി ഉപയോഗരഹിതമായ 392എണ്ണവും വിച്ഛേദിക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുന്നതിനും നിലവിൽ കുടിവെള്ളം ലഭ്യമല്ലാത്ത അംഗനവാടികൾക്ക് സമീപം സ്ഥാപിച്ചിട്ടുള്ള പൊതുടാപ്പുകൾ വിച്ഛേദിച്ച് അംഗനവാടികൾക്ക് മാത്രം ഉപയോഗിക്കത്തക്ക വിധത്തിൽ അംഗനവാടി പരിസരത്ത് മാറ്റി സ്ഥാപിക്കുന്നതിനും കേരള വാട്ടർ അതോറിറ്റി കൊല്ലം പി.എച്ച് സെക്ഷൻ എക്സി.എഞ്ചിനീയറോട് ആവശ്യപ്പെടാൻ 20.12.2019ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റി നാലാം നമ്പരായി തീരുമാനമെടുത്തിരുന്നു.

2019-20 സാമ്പത്തിക വർഷം ജി.ഒ പ്രോജക്ടുകളിൽ ഉൾപ്പെടുത്തി 20,30,510/-രൂപ കുടിശ്ശികയിനത്തിൽ (പ്രോജക്ട് നം-165,166) അടവാക്കിയിട്ടുണ്ട്.പ്രതിമാസം വെള്ളക്കരമിനത്തിൽ തനതു ഫണ്ടിൽ നിന്നും തുക അടവാക്കുന്നില്ല.

വെള്ളക്കരമിനത്തിൽ കൂടിവരുന്ന കുടിശ്ശിക ഉചിതമാർഗ്ഗേന ഒഴിവാക്കണമെന്ന മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിലെ നിർദ്ദേശങ്ങളെ തുടർന്നാണ് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയതും ഭൂരിഭാഗം ടാപ്പുകളും മണ്ണിനടിയിൽ പ്ളഗ്ഗ്ഡ് ആയി ഉപയോഗരഹിതമായ അവസ്ഥയിലാണെന്ന് ബോധ്യപ്പെട്ടതും ആയതിന്റെ പരിശോധനാ റിപ്പോർട്ട് നൽകാതെ തന്നെ ആകെയുള്ള 457 പൊതുടാപ്പുകളും വിച്ഛേദിക്കുന്നതിനുള്ള എസ്റ്റിമേറ്റ് ആണ് വാട്ടർ അതോറിറ്റി നൽകിയത്.

അടിസ്ഥാന വികസനം ആവശ്യമുള്ള മേഖലകളിൽ വകയിരുത്തേണ്ട തുകയുടെ ഗണ്യമായ വിഹിതം ഉപയോഗിക്കാത്ത വെള്ളത്തിനു നൽകി സാമ്പത്തിക ബാധ്യത സംജാതമാക്കുന്ന സ്ഥിതി വിശേഷം ഒഴിവാക്കാൻ ഭരണസമിതിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

20.12.2019ലെ ഗ്രാമപഞ്ചായത്ത് തീരുമാനത്തിന്മേൽ കൈക്കൊണ്ട തുടർ നടപടികൾ അറിയിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല.

എൻക്വയറി നം-07;20.03.2021

1-18 വാടക

1.പഞ്ചായത്ത് പരിധിയിലെ നടയ്ക്കാവ് പബ്ലിക് മാർക്കറ്റിലെ പുതിയ കെട്ടിടത്തിലെ 6 കടമുറികൾ വാടകയ്ക്ക് നൽകിയിട്ടില്ല

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് 16 /12 /2019 നടന്ന ലേലത്തിൽ TP /762 മുതൽ 773വരെയുള്ള 12 കടമുറികളിൽ ബാക്കിയുള്ളവ അഗ്നിബാധ ഉണ്ടായതിനെത്തുടർന്ന് അറ്റകുറ്റപ്പണികൾ ചെയ്താൽ മാത്രമേ ലേലനടപടികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നും 20/02/2021 ൽ വീണ്ടും ലേലം നടത്തിയതിൽ ഒരു കടമുറി മാത്രമാണ് ലേലം കൊണ്ടത്, ബാക്കിയുള്ളവ പുനർലേലം ചെയ്യാൻ കമ്മറ്റി തീരുമാനിച്ചു എന്നും മറുപടി ലഭ്യമാക്കി. തുടർനടപടികൾ അറിയിക്കേണ്ടതാണ്

2.ലേല നോട്ടീസിലെ (നം.C111248 /14 )നിബന്ധന 6 പ്രകാരം പഞ്ചായത്തിന്റെ അംഗീകാരത്തിനു വിധേയമായി ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലം അംഗീകരിച്ചതായി അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം മതിയായ വിലയുള്ള മുദ്രപത്രത്തിൽ നിശ്ചിത വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച് കരാർ രജിസ്റ്റർ ചെയ്തു ഹാജരാക്കി പെർമിറ്റും താക്കോലും ഏറ്റു വാങ്ങേണ്ടതാണ് .അല്ലാത്തപക്ഷം ലേലഡെപ്പോസിറ്റ് പഞ്ചായത്തിലേക്ക് മുതൽ കൂട്ടി കടമുറികൾ പുനർലേലം ചെയ്തു നൽകുന്നതാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.എന്നാൽ TP 6/764(3) കെട്ടിടത്തിൻെറ കരാറുകാരനായ ശ്രീ.പ്രദീപ് (വാടക കരാർ നം. 23000,17/2/2020 )1/ 2020 മുതൽ3/ 2020വരെയുള്ള വാടക തുകയായ 23562/- രൂപ നാളിതുവരെ ഒടുക്കിയിട്ടില്ല . ഇതിൻമേൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടിയാൻ കടമുറിയുടെ താക്കോൽ നാളിത് വരെ കൈപ്പറ്റിയില്ല എന്നും കുടിശ്ശികത്തുക ഡിപ്പോസിറ്റ് തുകയിൽ നിന്നും ഈടാക്കി കടമുറി തിരികെ ഏറ്റെടുത്ത് പുനർലേലം ചെയ്തു നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ചു വരുന്നു എന്നും മറുപടി ലഭ്യമാക്കി.കരാർ ഉറപ്പിച്ച വ്യക്തിയുമായി ബന്ധപ്പെട്ട് അടിയന്തിര നടപടികൾ സ്വീകരിച്ച് ലേലവ്യവസ്ഥകളുടെ ലംഘനം വഴിയായി പഞ്ചായത്തിന് വരുമാനം നഷ്ടമാകുന്ന സ്ഥിതി വിശേഷം ഒഴിവാക്കേണ്ടതാണ്.

16 /12 /2019 നടന്ന ലേലനടപടികളിലൂടെ കരാർ ഉറപ്പിച്ച TP 6/763(2) നം കടമുറിയുടെ (വാടക കരാർ നം.22737,13/2/20 )1/ 2020 മുതൽ3/ 2020വരെയുള്ള വരെയുള്ള വാടക തുകയായ 26,775/- രൂപ ഈടാക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും വാടകകാരനായ ശ്രീ. സന്തോഷ് എന്ന വ്യക്തിയിൽ നിന്നും 17850/-രൂപ (02/2020,03/2020മാസ വാടക) മാത്രമാണ് ഈടാക്കിയിട്ടുള്ളത്

കൂടാതെ TP 6/762(1) നം കടമുറിയുടെ (വാടക കരാർ നം. 22732, 13 /2/20 )1/ 2020 മുതൽ3/ 2020വരെയുള്ള വരെയുള്ള വാടക തുകയായ 32487/- രൂപ ഈടാക്കണമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും വാടകകാരനായ ശ്രീ ഹനിൽകുമാർ എന്ന വ്യക്തിയിൽ നിന്നും 21658/-രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളത്

ആയതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ,ടിയാൻ 13.02.2020ൽ ആണ്കടമുറിയുടെ താക്കോൽ കൈപ്പറ്റിയതെന്നും ആ മാസം മുതൽ വാടക ഒടുക്കവരുത്തുന്നുണ്ടെന്നും അറിയിച്ചു.

കരാർ ഉറപ്പിക്കുന്ന മുറയ്ക്കു തന്നെ വാടകക്കാർ കടമുറികൾ ഏറ്റെടുക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.തനതു വരുമാനത്തിൽ കുറവുണ്ടാക്കുന്ന ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

എൻക്വയറി നം-05/19.03.2021

<u>1-18.1 വാടക തുടർനടപടികൾ സ്വീകരിച്ചിട്ടില്ല</u>

1.ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള രണ്ടുമുറി കെട്ടിടം 2015 ൽ തെക്കുംഭാഗം പോലീസ് സ്റ്റേഷൻ എയ്ഡ് പോസ്റ്റ് പ്രവർത്തിക്കുന്നതിന് ഭരണ സമിതി തീരുമാന പ്രകാരം വിട്ടു നൽകിയത് ഏതാനും മാസങ്ങൾ മാത്രം പ്രവർത്തിക്കുകയും ഗ്രാമപഞ്ചായത്ത് നിരവധി തവണ ആവശ്യപ്പെട്ടിട്ടും കെട്ടിടത്തിലെ താക്കോൽ തിരികെ നൽകാൻ പോലീസ് അധികാരികൾ വിസമ്മതിച്ചിട്ടുള്ളതുമാണ്. മൂന്നു വർഷത്തിലധികമായി പ്രവർത്തനരഹിതമായ ടി കെട്ടിടത്തിന് വാടകയിനത്തിൽ ലഭിക്കേണ്ട തുക നഷ്ടപ്പെട്ടിട്ടുണ്ട്.

ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് ടി കടമുറികൾ ഓരോന്നിനും ഒരു ലക്ഷം രൂപ വീതം ഡെപ്പോസ്സിറ്റും പി ഡബ്ളിയു ഡി നിശ്ചയിക്കുന്ന വാടകയ്ക്ക് നല്കുവാനും തീരുമാനിച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു.

2..കൺസ്യൂമർഫെഡ് റീജനൽ മാനേജറുടെ 6-12-2019ലെ ROKLM/AG 32 / 2019 നമ്പർ അപേക്ഷയുടെ അടിസ്ഥാനത്തിൽ ത്രിവേണി സൂപ്പർ മാർക്കറ്റ് ,നീതി മെഡിക്കൽ സ്റ്റോറും പ്രവർത്തിപ്പിക്കുന്നതിന് പുതിയ ഷോപ്പിംഗ് കോംപ്ലക്സ് കെട്ടിടത്തിലെ ഒരു മുറിയും ,പോലീസ് എയ്ഡ് പോസ്റ്റ് ആയി പ്രവർത്തിച്ച കെട്ടിടത്തിലെ ഒരു മുറിയും വാടകയ്ക്ക് വിട്ടു നൽകുന്നതിന് 20/12/19 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന നം.10(1) പ്രകാരം അംഗീകരിച്ചിട്ടുള്ളതാണ് .

ഇതിന്മേൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാൻ ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് പി ഡബ്ളിയു ഡിയിൽ നിന്നും വാടക നിശ്ചയിച്ചു കിട്ടുന്നതിന് കാലതാമസം നേരിടുന്നതിനാൽ പുതിയ കെട്ടിടങ്ങളുടെ ശരാശരി വാടകയായ 6700/-രൂപ നിരക്കിൽ ടി കെട്ടിടങ്ങൾ വാടകയ്ക്ക് നല്കുവാനും, പി ഡബ്ളിയു ഡി വാടക നിശ്ചയിക്കുന്ന മുറയ്ക്ക് ആയത് ക്രമീകരിക്കുവാനും കൺസ്യൂമർഫെഡ് മാനേജർക്ക് 30/9/20 ൽ കത്ത് നല്കിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു.

പോലീസ് സ്റ്റേഷൻ എയ്ഡ് പോസ്റ്റിന് നല്കിയ രണ്ടുമുറി കെട്ടിടത്തിൽ അവശേഷിക്കുന്ന ഒരു കടമുറിയും ,നിലവിൽ വാടകയ്ക്ക് നൽകാതെ അവശേഷിയ്ക്കുന്ന എല്ലാ കെട്ടിടങ്ങളും പുനർലേലം ചെയ്ത് വരുമാന വർധനവ് ഉറപ്പാക്കാനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ് .

എൻക്വയറി നം. 6,19/3/21

1-19 ലൈഫ് ഭവനനിർമ്മാണ പദ്ധതി-നിർമ്മാണംപൂർത്തീകരിക്കുന്നതിലെ കാലതാമസം നേരിടുന്നു

പ്രോജക്റ്റ് നം-62/19

നിർവഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ.

അടങ്കൽ തുക-37745634/-രൂപ

ചെലവഴിച്ച തുക-22220000/-രൂപ

ബിൽനം-514977 തീയതി-8/2/19 തുക-40000/-രൂപ

തെക്കും ഭാഗം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് വാർഡ് നം-5ലെ ശ്രീമതി. സ്റ്റെല്ല എന്ന വ്യക്തി 26/12/18ൽ എഗ്രിമെന്റ് വക്കുകയും 8/2/19ൽ ആദ്യഗഡുവായ 40000/-രൂപ കൈപ്പറ്റുകയും ചെയ്തു. എന്നാൽ നാളിതുവരെയായി ഭവന നിർമ്മാണത്തിന്റെ പ്രാരംഭഘട്ട നടപടിയായ അടിസ്ഥാനംപോലും കെട്ടുകയോ അതിനുള്ള നടപടികൾ തുടങ്ങുകയോ ചെയ്തിട്ടില്ല എന്ന് ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ വ്യക്തമാക്കുന്നു. നിർവഹണ ഉദ്യോഗസ്ഥയുടെ 31/1/20ലെ കത്തിൽ ലൈഫ് കരാർ വ്യവസ്ഥ ലംഘിച്ചതിനാൽ കൈപ്പറ്റിയ തുകയും12% പലിശയും ചേർത്തുള്ള തുക ഗുണഭോക്താവ് അടവാക്കണമെന്ന് സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത തുക അടവാക്കിയില്ലെങ്കിൽ R.R നടപടി സ്വീകരിക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്.

പ്രോജക്റ്റ് നം-121/20

അടങ്കൽ തുക-22682744/-

ചെലവഴിച്ച തുക-7460000/-

ചെക്ക്നം-1372661 തീയതി-7/11/18

ജയശ്രീ. വാർഡ് നം-2 ഊളൻതടത്തിൽ , വടക്കുംഭാഗം എന്നവ്യക്തി 7/11/18ൽ തനതുഫണ്ട് ചെക്ക് നം-1372661 പ്രകാരം 40000/-രൂപ കൈപ്പറ്റിയെങ്കിലും ഭവനനിർമ്മാണത്തിന്റെ മറ്റുപുരോഗതിവിവരങ്ങൾ ഫയലിൽലഭ്യമല്ല . ആയതിന്റെ വിശദാംശം കൂടി ലഭ്യമാക്കേണ്ടതാണ്എന്ന് കാണിച്ച് നൽകിയ എൻക്വയറിക്ക് ഭവനനിർമ്മാണത്തിന്റെ പ്രാരംഭഘട്ടങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന്കാണിച്ച് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭവനനിർമ്മാണത്തിന്റെ വിവിധഘട്ടങ്ങൾ മോണിട്ടറിംഗ്

ചെയ്യേണ്ടതും സമയ പരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.

ഓഡിറ്റ് എൻക്വയറി നം-12

1-20 അനധികൃത നിർമാണം

തെക്കുംഭാഗം ഗ്രാമപഞ്ചായത്തിൽ ഫെലിക്സ് അലോഷ്യസിന്റെ ഉടമസ്ഥതയിലുള്ള 102 M2 വിസ്തീർണമുള്ള 12/88 ാം നം. പാർപ്പിടാവശ്യത്തിനായുള്ള കെട്ടിടം ഹോംസ്റ്റേയായി ഉപയോഗിക്കുന്നതിന് നിയമാനുസൃത അനുമതി വാങ്ങാതെ, നിർമ്മാണം നടത്തിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് സ്വീകരിച്ച നടപടിക്കെതിരേ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള ട്രൈബ്യൂണലിൽ കെട്ടിട ഉടമ സമർപ്പിച്ച ഹർജിയിന്മേൽ (നം.182/2020 ) നിലവിൽ സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കാൻ അവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് 28/4/20ൽ കേസ്സിന്റെ വിചാരണ ആരംഭിച്ചിട്ടുള്ളതും പഞ്ചായത്തിന്റെ സത്യവാങ്മൂലം സമർപ്പിച്ചിട്ടുള്ളതുമാണ് എന്ന മറുപടി ലഭിച്ചു.

കേസ്സിന്റെ തുടർ നടപടികൾ അറിയിക്കേണ്ടതും അനധികൃത നിർമാണങ്ങൾ തടയുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതുമാണ്.

എൻക്വയറി നം. 11, 20/3/21

1-21 പൊന്നഴികത്ത് മുക്ക്-ഗുഹാനന്ദപുരം റോഡ് കോൺക്രീറ്റിംഗ് പിഴ ഈടാക്കിയതിൽ കുറവ്.

പ്രോജ. നം - 98/19

അടങ്കൽ തുക -495000(സി.എഫ്. സി ഗ്രാന്റ്)

പി എ.സി തുക- 495000/-

കോൺട്രാക്ടർ -പദ്മനാഭൻ പിള്ള

എഗ്രി . നം-തീയതി-നം 41/Ae/Lsgd/8-2-19

ചെലവ് തുക- 494802

ബിൽ നം-തീയതി-27/19-20 തീ. 22-1-20

പ്രസ്തുത പദ്ധതിയിൽ 145m നീളത്തിൽ കോൺക്രീറ്റ് ചെയ്യുന്നതിനാണ് എസ്റ്റിമേറ്റ് എടുത്തിട്ടുള്ളത്. 8-2-19-ന് കരാർ വച്ച പ്രവൃത്തിയുടെ സൈറ്റ് കോൺട്രാക്ടർഏറ്റെടുത്തത് 24-5-19 നാണ്. കരാർ വച്ച് പത്ത് ദിവസത്തിനകം സൈറ്റ് ഏറ്റെടുത്ത്പ്രവൃത്തി തുടങ്ങേണ്ടതാണ്. സൈറ്റ് എറ്റെടുക്കുന്നതിന് കാലതാമസം ഉണ്ടായതിന്റെ കാരണം ഫയലിൽ വിശദീകരിച്ചിട്ടില്ല. കരാർ വച്ച തീയതി പ്രകാരം 7-6-19-ന് പണിപൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചത് 27-11-2019 ൽ മാത്രമാണ്. ഫൈനൽ ബില്ലിൽനിന്നും 1% പിഴ മാത്രമാണ്

ഈടാക്കിയിട്ടുള്ളത്. പണി പൂർത്തീകരിക്കേണ്ട കാലാവധി ദീർഘിപ്പിച്ച് നല്കണമെന്ന് കോൺട്രാക്ടർ അപേക്ഷ നല്കിയിട്ടില്ല. കോൺട്രാക്ടർ അപേക്ഷ നല്കുകയോ സമയം ദീർഘിപ്പിച്ച്നല്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ 1% പിഴ മാത്രം ഈടാക്കിയത് അംഗീകരിക്കാവുന്നതല്ല. കരാറുകാർ പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തിയാക്കാത്ത കേസുകളിൽ Kerala Public Works Department Manual 2012 (G.O.(P)No.13/2012/PWD തീ. 01.02.2012), സെക്ഷൻ 2116.1 പ്രകാരം Compensation For Delay/Liquidated Charges ( P.A.C തുകയുടേ 0.1% തുക, വൈകിയ ഓരോ ആഴ്ചയ്ക്കും എന്ന കണക്കിൽ) ഇനത്തിൽ തുക , അന്തിമ ബില്ലിൽ നിന്നും ഈടാക്കി മാത്രമെ കരാറുകാരന് തുക നൽകുവാൻ അനുവാദമുള്ളൂ. ഇതുപ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും ഈടാക്കേണ്ട പിഴയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

7-06-19 മുതൽ 27-11-19 വരെയുള്ള ദിവസങ്ങളിലേക്കുള്ള ഫൈൻ - 24 X0.1% Of 495000
-24x495=11880
ഈടാക്കിയ പിഴ -4950
ഈടാക്കാനുള്ള പിഴ -6930/-
ഇത് സംബന്ധിച്ച് നല്കിയ ആഡിറ്റ് എൻക്വയറി നം 10/19-20 തീ.20-3-21- നുള്ള മറുപടിയിൽ ഇതേ റോഡിന്റെ തന്നെഫസ്റ്റ് റീച്ച് പ്രവൃത്തി (പ്രോജ. നം 121/19) യുടെ ബിൽ ക്ലോസ് ചെയ്ത് ഫൈനൽ ബിൽനല്കുന്നതിനുള്ള കമ്മറ്റി തീരുമാനം ലഭിച്ചത് 10-7-19 ന് ആണ് . ആയതിനാൽ 10-7-19 ലാണ് രണ്ടാമത്തെ പ്രവൃത്തിയുടെ സൈറ്റ് കൈമാറിയതെന്നും ആയത് പ്രകാരം പണി പൂർത്തീകരിക്കേണ്ടത് 9-11-19 ൽ ആണെന്നും എന്നാൽ പണി പൂർത്തീകരിച്ചത് 27-11-2019 ൽ ആയതിനാലാണ് 1% പിഴ ഈടാക്കിയതെന്നുമാണ് എ ഇ മറുപടി നല്കിയത്. ഇതേ റോഡിന്റെ തന്നെ ആദ്യ ഘട്ടത്തിന്റെ ബിൽ മാറി നല്കുന്നതിന്റെ കാലതാമസം മൂലമാണ് രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി ഏറ്റെടുക്കുന്നതിലും പൂർത്തീകരിക്കുന്നതിലും കാലതാമസമുണ്ടായതെന്ന മറുപടി അംഗീകരിക്കാവുന്നതല്ല. ആയതിനാൽ ഈടാക്കാൻ അവശേഷിക്കുന്ന തുക 6930/- രൂപ കോൺട്രാക്ടറിൽ നിന്ന് ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം നിർവ്വഹണഉദ്യോഗസ്ഥയുടെ ബാദ്ധ്യതയായി നിർണ്ണയിക്കുന്നതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|

| | | |
|---|---|---|
| 2019-20 | 18-03-2021 & 19-03-2021 | കെ.എസ്.എ-കെ.എൽ.എം./ പി-2/553/21/26.03.21 |

## 4-2 സംയുക്തപ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 100000 | പാലിയേറ്റീവ് കെയർ | 99668 | 332 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 500000 | പഠനമുറി | 400000 | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 150000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 145200 | 4800 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 200000 | അംഗനവാടി അനുപൂരക പോഷകാഹാരം | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 957110 | ലൈഫ് മിഷൻ | 840000 | 117110 |
| ആകെ | | 1907110 | - | 1684868 | 222242 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | ലൈഫ് മിഷൻ- പാർപ്പിട നിർമ്മാണം (എസ്.സി) | 500000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 250000 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് | 216000 | 34000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 200000 | അങ്കണവാടി അനുപൂരക പോഷകാഹാരം | 100000 | 100000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 9500000 | ലൈഫ് മിഷൻ മൂന്നാം ഘട്ടം ഭൂരഹിതർക്ക് ഭൂമി വാങ്ങല്ലം ഭവന നിർമ്മാണം | 0 | 9500000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | 13 ാം വാർഡിൽ ബംഗ്ലാവിൽ മുക്ക് വള്ളക്കടവ് റോഡ് റീടാറിംഗ് | 0 | 300000 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 300000 | 4 ാം വാർഡിൽ തോലുകടവ് ബോട്ട് ജെട്ടി റോഡ് സൈഡ് വാൾ നിർമ്മാണം | 0 | 300000 |
| ആകെ | | 11050000 | - | 816000 | 10234000 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 90146/- രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം തീയതി | മുൻകൂർ നൽകിയ തുക (രൂപ ) | ചെലവഴിച്ച തുക (രൂപ ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 15/27.08.2019 (7000/-) | 90,146/- | 90,146/- | 0 |
| | | 16/11.09.2019 (34779/-) | | | |

| | | | | | |
|---|---|---|---|---|---|
| | | 31/16.11.2019<br>(11371/-) | | | |
| | | 33/21.01.2020<br>(6752/-) | | | |
| | | 39/01.02.2020<br>(28365/-) | | | |
| | | 28/25.10.2019<br>(1879/-) | | | |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

തൻവർഷം മൊബിലൈസേഷൻ അഡ്വാൻസ് നൽകിയിട്ടില്ല.

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 17,80,000/- രൂപ വരവുണ്ട്. മുൻബാക്കി 41,880/- രൂപയടക്കം 18,21,880/- രൂപയിൽ 18,20,000/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്മിഷൻ ഭവനനിർമ്മാണം | 6105/2019 Dated 01/08/2019 | 17,80,000 | 1,73,20,000 | 12,79,411 | ----- | 1,78,20,589 |

4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 500 |
| തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| ആകെ | 500 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 500 |

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 21,949/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ( രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2008-09 | 1(3) | 4,085/- | അസിസ്റ്റന്റ് സെക്രട്ടറി | 119020900060 11/07/2019 |
| 2017-18 | ഖണ്ഡിക3(1) | 17,864/- | സവിത.വി അസി.എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 119020100459 27/06/2019 |
| ആകെ | | 21,949/- | | |

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-2009 | 2-1 | 2010-2011 | 2(5) | വരുമാന വർദ്ധനവിനുള്ള നടപടികളുടെ അഭാവം | - |

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർ ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | ₹5,27,87,068/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | ₹4,76,26,351/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ₹4,27,810/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

നഷ്ടം-ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-11 | 2,62,810/- | ഡോ. അനൂപ്. വി. എസ്,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-12 | 50,000/- | ഡോ. അനൂപ്. വി. എസ്,<br>മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| 1-15 | 70,000/- | ശ്രീ. ഷാനവാസ്. എ<br>സെക്രട്ടറി |
| 1-16 | 45,000/- | ഡോ. ഷംന ബി. എൻ.,<br>മെഡിക്കൽ ഓഫീസർ, ഹോമിയോ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷാനവാസ്. എ<br>സെക്രട്ടറി | സെക്രട്ടറി,<br>ക്ലാപ്പന ഗ്രാമപഞ്ചായത്ത് | പൈവേലിൽ,<br>ഇടകുളങ്ങര പി. ഒ,<br>കരുനാഗപ്പള്ളി- 690523 |
| ഡോ. അനൂപ്. വി. എസ്,<br>മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി | മെഡിക്കൽ ഓഫീസർ,<br>സി.എച്ച്.സി,<br>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | ഏച്ചംപറമ്പിൽ<br>(KNRA-55),<br>കാവൽ,<br>കൊല്ലം- 691013 |
| ഡോ. ഷംന ബി. എൻ.,<br>മെഡിക്കൽ ഓഫീസർ,<br>ഹോമിയോ | മെഡിക്കൽ ഓഫീസർ, ഹോമിയോ,<br>തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് | ഷംനാസ് വില്ല,<br>കാരക്ക മണ്ഡപം,<br>നേമം പി.ഒ.,<br>തിരുവനന്തപുരം-695020 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും<br>പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ<br>കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ<br>ശേഷിക്കുന്ന<br>ഖണ്ഡികകളുടെ<br>എണ്ണം |
|---|---|---|
| 2008 -2009 | കെ.എസ്.എ.-കെ.എൽ.എം<br>പി2/754/19/07.06.19 | 2 |
| 2009 -2010 | കെ.എസ്.എ.-കെ.എൽ.എം<br>പി2/754/19/07.06.19 | 2 |
| 2012-2013 | എൽ.എഫ്.ക്യൂ.പി.5./<br>126/15/03.08.15 | 11 |
| 2013-2014<br>&<br>2014-2015 | കെ.എസ്.എ.-കെ.എൽ.എം<br>പി5-139/17/01.05.17 | 6 |
| 2015-2016 | കെ.എസ്.എ.-കെ.എൽ.എം<br>പി5-985/17/26.06.17 | 12 |
| 2016-2017 | കെ.എസ്.എ.-കെ.എൽ.എം<br>പി2-1126/18/09.07.18 | 3 |
| 2017-2018 | കെ.എസ്.എ-കെ.എൽ.എം/<br>പി 2-1127/2018/18.05.2019 | 9 |
| 2018-2019 | കെ.എസ്.എ-കെ.എൽ.എം.<br>പി 2./894/2019/14/05/2020 | 5 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ തെക്കുംഭാഗം ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്